(ഡി) പാരിപ്പള്ളിയിലെ ഇ.എസ്.ഐ. സ്ഥാപനം ഏറ്റെടുക്കുന്നതുമൂലം ഉണ്ടാകുന്ന ബാദ്ധ്യത സർക്കാർ കണക്കാക്കിയതിന്റെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ&ബി) കൊല്ലം പാരിപ്പള്ളിയിലെ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി&ഡി) മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതു സംബന്ധിച്ചും ജീവനക്കാരുടെയും അവരുടെ കുട്ടികളുടെയും നിലവിലുള്ള ചികിത്സ/പഠന ആനുകൂല്യങ്ങൾ നിലനിർത്തുന്നതു സംബന്ധിച്ചും ബന്ധപ്പെട്ടവരുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

ജ്യൂസ് പാർലറുകളിൽ രാസപരിശോധന

2 (694) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ബദാംഷേക്ക്, പിസ്ത, ഷാർജ തുടങ്ങിയ അനവധി നാമങ്ങളിൽ മാരക രോഗങ്ങൾക്ക് കാരണമാവുന്ന രാസപദാർത്ഥ മ്ലേവുകൾചേർത്ത് പായ്ക്കറ്റിലാക്കി ജ്യൂസ് പാർലറുകൾ ജ്യൂസായും ചെറുകച്ചവട സ്ഥാപനങ്ങളിലൂടെയും വിറ്റഴിക്കുന്നത് കണ്ടെത്തി രാസപരിശോധന നടത്തി നടപടി സ്വീകരിക്കാൻ എല്ലാ പരിശോധനാ ഉദ്യോഗസ്ഥർക്കും അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

അനധികൃത രാസപദാർത്ഥ ഫ്ളേവറുകൾ ചേർത്ത് പാക്കറ്റിലാക്കി വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നടപടി എടുക്കുവാൻ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് 2006 നിയമ പ്രകാരം ഇപ്പോൾ തന്നെ സംവിധാനം നിലവിലുണ്ട്.

ആന്റി റാബിസ് വാക്സിന്റെ ക്ഷാമം

3 (695) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ ആന്റി റാബിസ് വാക്സിൻ ലഭ്യമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly